**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5398** **06.07.2012-ൽ മറുപടിക്ക്**

## സാംക്രമിക രോഗങ്ങൾ തടയുന്നതിന് സംവിധാനം

**ചോദ്യം**

ശ്രീ. എം. ഉമ്മർ

എ) സംസ്ഥാനത്ത് പടർന്നുപിടിക്കുന്ന വിവിധ സാംക്രമിക രോഗങ്ങൾ തടയുന്നതിന് ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് പകർച്ചവ്യാധികളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഈ വർഷം ജനുവരി മാസം മുതൽ തന്നെ സംസ്ഥാന സർക്കാർ 'സമഗ്ര' എന്ന പേരിൽ ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൊതുക്-കൂത്താടി നശീകരണം, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ ബോധവത്കരണം എന്നീ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടു കൂടി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. ഇവ കൂടാതെ 'പ്രാണിജന്യരോഗങ്ങളുടെ നിയന്ത്രണം', 'ജലജന്യരോഗങ്ങളുടെ നിയന്ത്രണം', 'പകർച്ചവ്യാധികളുടെ നിയന്ത്രണവും പ്രതിരോധവും' എന്നീ സംസ്ഥാന പദ്ധതികളും NVBCDP, IDSP, NRHM തുടങ്ങിയ കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികളും സാംക്രമിക രോഗങ്ങളെ തടയുന്നതിനായി നടപ്പിലാക്കി വരുന്നു.

...... 2

ബി) ഇവയിൽ ഏതെല്ലാം പരിപാടികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

ബി) കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ഫണ്ടുകൾ ഉപയോഗിച്ചാണ് ഈ പരിപാടികൾ നടപ്പിലാക്കുന്നത്. NVBCDP, IDSP, NRHM എന്നിവയാണ് കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ.

സി) ഈ വർഷം സ്കൂൾ വിദ്യാർത്ഥികൾക്കായി ഇതു സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തിയിട്ടുണ്ടോ ;

സി) ഉണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, എൻ.ആർ.എച്ച്.എം എന്നിവ മുഖേന സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ബോധവൽക്കരണപരിപാടികൾ നടത്തിവരുന്നു.

ഡി) വിവിധ സംഘടനകളുടെയും ആശുപതികളുടെയും സഹകരണത്തോടെ ഇത്തരം പരിപാടികൾ നടത്തുന്ന കാര്യം ആലോചിക്കുമോ?

ഡി) വിവിധ സംഘടനകളുടെയും, ആശുപത്രികളുടെയും സഹകരണത്തോടെയാണ് ഇത്തരം പരിപാടികൾ നടപ്പിലാക്കിവരുന്നത്.

സെക്ഷൻ ഓഫീസർ